**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1585** **05-07-2022 - ൽ മറുപടിയ്ക്ക്**

**പ്രധാൻ മന്ത്രി കിസാൻ സമ്മാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പ്രധാൻ മന്ത്രി കിസാൻ സമ്മാൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. 2019 ഫെബ്രുവരി മുതൽ പി.എം.കിസാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. നാളിതുവരെ 37,32,251 ഗുണഭോക്താ ക്കൾക്കായി 6914.60 കോടി രൂപ ഈ പദ്ധതി വഴി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടി ലേയ്ക്ക് നേരിട്ട് വിതരണം നടത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അഗ്രികൾച്ചറൽ ഇൻഫർമേഷൻ പോർട്ടൽ റവന്യൂ പോർട്ടലുമായി ബന്ധപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. പി.എം.കിസാൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ ഭൂമിയുടെ കൃത്യമായ വിവരങ്ങൾ എയിംസ് പോർട്ടൽ വഴി പി.എം.കിസാൻ പോർട്ടലിലേയ്ക്ക് നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായി റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലുമായി എയിംസ് പോർട്ടൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. ReLIS ലെ ഡാറ്റ കർഷകർക്കും ഉദ്യോഗസ്ഥർക്കും അവരവരുടെ ലോഗിനിൽ നേരിട്ട് കണ്ട് കൃഷിഭൂമിയുടെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിലാണ് എയിംസ് പോർട്ടലുമായി ഇതിനെ ബന്ധിപ്പിച്ചിട്ടുള്ളത്. |
| (സി) | പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി റവന്യൂ പോർട്ടലിൽ ഭൂമി സംബന്ധമായ രേഖകൾ കാലാനുസൃതമായി പുതുക്കാത്തത് സംസ്ഥാനത്തെ കർഷകർക്ക് തിരിച്ചടിയായിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | റവന്യൂ പോർട്ടലിൽ ഭൂമി സംബന്ധമായ രേഖകൾ കാലാനുസൃതമായി പുതുക്കുന്നതിലേയ്ക്കായിട്ടുള്ള സംവിധാനം കൃഷി-റവന്യൂ എന്നീ വകുപ്പുകളുടെ സംയുക്ത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ